Uncorrected / Not for publication

## ശ്രദ്ധക്ഷണിക്കൽ

## റൊട്ടേഷൻ സംമ്പ്രദായം മാറ്റുന്നത് സംബന്ധിച്ച്

ശ്രീ. പി. ഉബൈദുള്ള: സർ, സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ങ്ങളേയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തികൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടിയാണ് നമ്മുടെ ഭരണഘടനയിൽ സംവരണം വ്യ വസ്ഥ ചെയ്തത്. അതനുസരിച്ചാണ് സംസ്ഥാന ഗവൺമെന്റുകൾ സംവ രണത്തിന് അനുകൂലമായ നിയമം നിർമ്മിച്ചിട്ടുള്ളത്. ഉദ്യോഗതലത്തിലും വിദ്യാഭ്യാസത്തിലും സാമൂഹ്യനീതി ഉറപ്പാക്കുന്ന തരത്തിൽ സംവര ണത്തെ മാറ്റിതീർത്തെങ്കിൽ മാത്രമേ വികസിത ജനാധിപത്യ രാഷ്ട്രം എന്ന നമ്മുടെ ആത്യന്തിക ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ജനസംഖ്യയിൽ 85 ശതമാനത്തോളം വരുന്ന ഈ മഹാഭൂരിപക്ഷത്തെ മുഖ്യധാരയിൽ നിന്ന് മാറ്റിനിറുത്തികൊണ്ട് രാജ്യത്തിന്റെ വികസനം സാധ്യമാവുകയില്ല. കേന്ദ്രസർക്കാർ നിയോഗിച്ച ഖലേക്കർ കമ്മിറ്റി മുതൽ രജീന്ദർ സച്ചാർ കമ്മിറ്റി വരേയും കേരള സർക്കാർ നിയോഗിച്ച കെ.കെ. വിശ്വനാഥൻ കമ്മീഷൻ മുതൽ ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ വരെയും നടത്തിയ പഠനത്തിൽ പിന്നോക്ക സംവരണ സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്നാണ് തെളിയുന്നത്. വെറും 11 വർഷത്തെ കണക്കുകൾ മാത്രം പരിശോധിച്ച പ്പോൾ 18525 തസ്തികകളാണ് ഉദ്യോഗരംഗത്ത് പിന്നോക്ക വിഭാഗങ്ങൾക്ക് നഷ്ടപ്പെട്ടതെന്ന് ജസ്റ്റിസ് നരേന്ദ്രൻ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. സംവര

ണത്തോത് അനുസരിച്ചുള്ള നിയമനം വേണ്ട സമയത്ത് പിന്നോക്കക്കാർക്ക് ലഭിക്കാത്തതുകൊണ്ടാണ് ബാക്ക്‌ലോഗ് വന്നത്. ബാക്ക്‌ലോഗ് വരാനിടയായ കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. 1958 മുതൽ പി.എസ്.സി. നിയമനരംഗത്ത് അനുവർത്തിച്ചുവരുന്ന രീതിയുടെ കൂടി ഫലമാണ് ഈ ബാക്ക്‌ലോഗ് വരാൻ കാരണമായിട്ടുള്ളത്. 1958 മുതൽ കെ.എസ്.എസ്.ആർ.ലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾക്കനുസരിച്ചാണ് പി.എസ്.സി. നിയമന ശുപാർശയ്ക്കാവശ്യമായ റൊട്ടേഷൻ ചാർട്ട് തയ്യാറാക്കുന്നത്. പി.എസ്.സി. 20 യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നിയമന ശുപാർശ പട്ടിക തയ്യാറാക്കുമ്പോൾ സംവരണ സമുദായക്കാർ സംവരണ ടേണുകളിൽ മാത്രം ഉൾപ്പെട്ടുവരുന്നതിനാൽ അവരുടെ മെരിറ്റ് അവസരം നഷ്ടപ്പെട്ടുപോവുകയും അതുകാരണം സംവരണസമുദായക്കാർക്ക് നിയമനങ്ങളിൽ പ്രാതിനിധ്യക്കുറവ് ഉണ്ടാവുകയും ചെയ്യുന്നതിനാൽ പി.എസ്.സി.യുടെ നിയമന രീതി മാറ്റണമെന്നത് കാലങ്ങളായുള്ള ഒരാവശ്യമാണ്. 20 -ന്റെ യൂണിറ്റായി നിയമന നിർദ്ദേശം നടത്തുന്ന രീതി അവസാനിപ്പിച്ച് ഓരോ സമയത്തും റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമനവും സംവരണവും **50 : 50** എന്ന അനുപാതത്തിൽ നടത്തണമെന്ന് 1697/07 നമ്പർ റിട്ട് അപ്പീലിൻമേൽ തീർപ്പ് കല്പിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനവും സംവരണവും **50 : 50** എന്ന അനുപാതത്തിലാക്കാൻ 2006-2008 കാലയളവിൽ നിയമസഭ

പിന്നോക്ക സമുദായ ക്ഷേമ സമിതി നിയമസഭയിൽ സമർപ്പിച്ച മൂന്നാമത് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നതാണ്. ഇതേ ആവശ്യം 2009-2011 കാലയള വിലെ നാലാമത് റിപ്പോർട്ടിൽ പിന്നോക്ക സമുദായ ക്ഷേമ സമിതി ഈ സഭയിൽതന്നെ റിപ്പോർട്ടിൽ ഉന്നയിച്ചിട്ടുണ്ട്. **50 : 50** എന്ന അനുപാത ത്തിലാക്കാൻ നടപടി സ്വീകരിക്കണമെന്നും അതിനായി കെ.എസ്.എസ്. ആർ-ലെ 14 മുതൽ 17 വരെയുള്ള നിയമന ചട്ടങ്ങളിൽ ആവശ്യമായ ഭേദ ഗതി വരുത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്നുമാണ് 2009-2011 -ലെ പിന്നോക്ക സമുദായ ക്ഷേമ സമിതി റിപ്പോർട്ടിൽ ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട ഹൈക്കോടതിയും നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമ സമിതിയുമൊക്കെ സംവരണ സമുദായക്കാർക്ക് സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം നൽകുന്നതിന് സംവരണതത്വം കർശനമായി പാലിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും പി.എസ്.സി.യു ടെയും സർക്കാരിന്റെയും അനാസ്ഥമൂലം ഉദ്ദേശിച്ച ലക്ഷ്യം കൈവരി ക്കാൻ സാധിച്ചിട്ടില്ല. 2008 മാർച്ച് മാസം 4-ാം തീയതി സംവരണ കേസിന്റെ വിചാരണ വേളയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി സുപ്ര ധാനമായ ഒരു നിരീക്ഷണം നടത്തിയിരുന്നു. പി.എസ്.സി.യിൽ ഇപ്പോൾ നിലവിലുള്ള 20 യൂണിറ്റ് സംമ്പ്രദായത്തിനു പകരം നിയമന ഒഴിവുകൾ മൊത്തത്തിൽ ഒറ്റയൂണിറ്റായി കണക്കാക്കാനാണ് സർക്കാർ ആഗ്രഹിക്കു ന്നതെങ്കിൽ കെ.എസ്.എസ്.ആർ ചട്ടങ്ങളിലെ 14 മുതൽ 17 വരെ ഭേദഗതി ചെയ്താൽപോരെ എന്നൊരു നിരീക്ഷണം ബഹുമാനപ്പെട്ട സുപ്രീം

കോടതി നടത്തുകയുണ്ടായി. മാത്രമല്ല, നിയമന ഏജൻസിയായ പി.എസ്.സി. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഈ കാര്യത്തിൽ നിലപാട് വ്യക്തമാക്കാതിരുന്ന അന്നത്തെ സർക്കാർ നടപടിയെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിമർശിക്കുകയും ചെയ്തിരുന്നു. പി.എസ്.സി. നിയമനങ്ങളിൽ നിലവിലുള്ള റോട്ടേഷൻ സംമ്പ്രദായത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ പിന്നോക്ക സമുദായ സംവരണത്തിൽ അപാകതകൾ പരിഹരിക്കാൻ കഴിയൂ. അതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണം. അതോടൊപ്പം അടുത്ത കാലത്ത് കേരള യൂണിവേഴ്സിറ്റിയിലേയും കേരള വെറ്ററിനറി അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലേയും അദ്ധ്യാപക/ അനദ്ധ്യാപക നിയമനങ്ങളിൽ സംവരണ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല എന്ന ഖേദകരമായ ഒരവസ്ഥകൂടി ഇപ്പോൾ പുതുതായി കടന്നുവന്നിരിക്കുന്നു. 1974-ൽ കേരള സർവ്വകലാശാലാ ആക്ട് നിലവിൽ വന്നതുമുതൽ സർവ്വകലാശാല വകുപ്പുകളിലെ നിയമനങ്ങളിൽ സംവരണം പാലിക്കുന്നുണ്ട്. പ്രൊഫസർ, റീഡർ, ലക്ച്ചറർ തുടങ്ങിയവയിൽ ഒറ്റ തസ്തിക റിപ്പോർട്ട് ചെയ്താൽ അവയിൽ സംവരണം പാലിക്കണ്ടായെന്നും ഇതുവരെ സംവരണം പാലിച്ചിരുന്നവ ഇനിമുതൽ പൊതുവിഭാഗമായി കണക്കാക്കി നടത്താനുമാണ് സിൻഡിക്കേറ്റ് തീരുമാനം. ആ തീരുമാനം വിവാദമായതിനെത്തുടർന്ന് യൂണിവേഴ്സിറ്റി അത് പുനഃപരിശോധിക്കുമെന്ന് അറിയിച്ചിരിക്കുകയാണ്. 2011 ജനുവരിയിൽ വയനാട് ആസ്ഥാനമായി രൂപം കൊണ്ട കേരള വെറ്ററിനറി സർവ്വകലാശാലയുടെ കരട് സ്റ്റാറ്റ്യൂ

ട്സിൽ സംവരണ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. നാനൂറോളം അദ്ധ്യാപക തസ്തികകളും അഞ്ഞൂറിൽപ്പരം അനദ്ധ്യാപക തസ്തികകളുമാണ് വെറ്ററിനറി സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുള്ളത്. സംവരണ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും കരട് സ്റ്റാറ്റ്യൂട്സിൽ ആവശ്യമായ തിരുത്തലുകൾ വരുത്താനും സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സംവരണ വ്യവസ്ഥ നിലനിൽക്കുന്നിടങ്ങളിൽപ്പോലും അത് നേരായ രീതിയിൽ നടപ്പാക്കാതിരിക്കുമ്പോൾ ആ വ്യവസ്ഥ തന്നെ ഇല്ലാതാക്കുന്നത് സർക്കാരിന്റെയോ നിയമസഭയുടേയോ നയതീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല എന്തിന്റെ തീരുമാനത്തിലായാലും നീതിനിഷേധമാണ്. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയില്ല. ചരിത്രപരമായ കാരണങ്ങളാൽ നീതിയുടെ പക്ഷത്തുനിന്നും അധികാരത്തിന്റെ പക്ഷത്തുനിന്നും പ്രാന്തവത്ക്കരിക്കപ്പെട്ട ഒരു ജനതയ്ക്കുവേണ്ടിയാണ് സംവരണം. ആ സംവരണ തത്വത്തിൽ മായം ചേർക്കുന്നത് തടയുന്നതിനും സാമുദായിക സംവരണം അട്ടിമറിക്കപ്പെടുന്ന വിധത്തിൽ നിയമത്തിൽ എന്തെല്ലാം പഴുതുകളുണ്ടോ ആ പഴുതുകളെല്ലാം അടയ്ക്കുന്നതിനും ആവശ്യമായ കർശന നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നം, പിന്നോക്ക വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവരണം അർഹിക്കുന്ന രീതിയിൽ കിട്ടണം, അത് ഉറപ്പുവരുത്തണം എന്ന ആശയത്തോട് ഗവൺമെന്റ് പൂർണ്ണമായി യോജിക്കുകയാണ്. കാരണം ഇത് ആരുടെയും ഔദാര്യമല്ല, ഇത് ആർക്കും കൊടുക്കുന്ന സൗജന്യവുമല്ല. മറിച്ച് ഒരു കാലത്ത് നീതി ലഭിക്കാതിരുന്ന വിഭാഗത്തിന് മറ്റുള്ളവരോടൊപ്പം എത്തുന്നതിനുവേണ്ടി കൊടുക്കുന്ന അർഹിക്കുന്ന ഒരു അവസരമാണ്. ആ അവസരം ഉറപ്പുവരുത്താൻ ഗവൺമെന്റിന് ബാധ്യതയുണ്ട്, സമൂഹത്തിന് ബാധ്യതയുണ്ട്. ആ ഉറച്ച സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ട് പരിശോധിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നരേന്ദ്രൻ കമ്മീഷൻ കഴിഞ്ഞ പത്ത് കൊല്ലങ്ങളിൽ പിന്നോക്ക വിഭാഗക്കാർക്കുണ്ടായ നഷ്ടങ്ങൾ കണ്ടെത്തി ചൂണ്ടിക്കാണിച്ചു. ആ നഷ്ടം എങ്ങനെ നികത്തും എന്നുള്ളതിനെക്കുറിച്ചുള്ള തർക്കമാണ് ഇപ്പോൾ. ആ തർക്കം നീണ്ടുപോകുകയാണ്. ആ സമയത്താണ് യു.ഡി.എഫ്. ഗവൺമെന്റ് ഇടപെട്ട് ഇത് രണ്ടും രണ്ടാക്കിയത്. കഴിഞ്ഞ കാലത്തെ നഷ്ടം, അത് അവിടെ നിൽക്കട്ടെ, ആ നഷ്ടം സംഭവിച്ചുകഴിഞ്ഞു. ഇനിയും തുടർന്നുള്ള അവസരങ്ങളിൽ അതുണ്ടാകരുത് എന്നതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ വിഭാഗക്കാരുമായും ചർച്ച ചെയ്ത് എല്ലാവരുടേയും സമ്മതത്തോടുകൂടി സംവരണ

ത്തിന് അർഹരായിട്ടുള്ള പിന്നോക്ക വിഭാഗക്കാർക്കുവേണ്ടി ഡയറക്ട് റിക്രൂട്ട്മെന്റ് ഏർപ്പെടുത്തിയത്. എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റുണ്ട്, ഭരണഘടനാപരമായ പ്രൊട്ടക്ഷൻ അതിനുണ്ട്. ഭരണഘടനയിൽ എസ്.സി./എസ്.ടി.ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്നുപറഞ്ഞതുകൊണ്ട് നമുക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്ന് അതിന് പേര് വയ്ക്കാൻ സാധിക്കുകയില്ല. പക്ഷെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് തന്നെയാണ് ഡയറക്ട് റിക്രൂട്ട്മെന്റ്. 2006 ജനുവരി മുതൽ അത് നടപ്പിലാക്കി. നല്ല നിലയിൽ അത് ഫങ്ഷൻ ചെയ്യുന്നു. അതിന്റെ ഫലമായി 2006 മുതൽ ഇങ്ങോട്ട് പിന്നോക്ക വിഭാഗക്കാർക്ക് നീക്കിവച്ചിട്ടുള്ള തസ്തികകളിലേക്ക് മിനിമം ക്വാളിഫിക്കേഷനുള്ളവർ അപേക്ഷ കൊടുത്താൽപ്പോലും നഷ്ടപ്പെടാത്ത വിധത്തിൽ ആ സീറ്റുകൾ ഉറപ്പുവരുത്താൻ കഴിഞ്ഞു. ആ കാര്യത്തിൽ വളരെയധികം അഭിമാനമുണ്ട്. പിന്നോക്കവിഭാഗക്കാർക്കുവേണ്ടി മാറ്റിവച്ച 1800-ലധികം തസ്തികകൾ ഒരോ വർഷവും നഷ്ടപ്പെടുന്നു എന്നാണ് നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തിയത്. 2006 മുതൽ ആ നഷ്ടം ഇല്ലാതാക്കാൻ സാധിച്ചു എന്നുള്ളതിൽ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ ഒരു നിർദ്ദേശം 20-ന്റെ യൂണിറ്റ് തിരിച്ച് പി.എസ്.സി. നിയമന ശുപാർശകൾ നടത്തുന്നതിലെ രീതിയെ സംബന്ധിച്ചാണ്. അത് സംബന്ധിച്ച് ഒരു തീരുമാനമെടുത്തിട്ടില്ല. കോടതിയുടെ മുമ്പിൽ ഈ പ്രശ്നം വന്നിട്ടുള്ളതാണ്,

ഗവൺമെന്റിന്റെ മുമ്പിലും ആ പ്രശ്നമുണ്ട്. ആ വിഷയം വിശദമായി പരിശോധിക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, സംവരണതത്വം പൂർണ്ണമായി പാലിക്കുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഏറെ സ്വാഗതാർഹമാണ്. സർക്കാർ സർവ്വീസിലും സർവ്വകലാശാലകളിലും സംവരണതത്വം അട്ടിമറിക്കപ്പെടുകയും പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് ഞെട്ടിക്കുന്ന കണക്കുകൾ പുറത്തുവന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായ പ്രാതിനിധ്യം പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പിന്നോക്ക വിഭാഗക്കാർക്ക് നീക്കിവച്ചിട്ടുള്ളത് ലഭിക്കണം എന്നതുതന്നെയാണ് ഗവൺമെന്റിന്റെ വ്യക്തമായിട്ടുള്ള സമീപനം. അതിൽനിന്നും വ്യത്യസ്ഥമായി ഏതെങ്കിലും സ്ഥലത്തെ കാര്യങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിച്ചാൽ അപ്പോൾത്തന്നെ അത് പരിശോധിക്കുന്നതും അതിന്മേൽ നടപടി സ്വീകരിക്കുന്നതുമാണ്. പൊതുവായി ഒരു കമ്മിറ്റിയെ വയ്ക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

**കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി**

ശ്രീ. പി. തിലോത്തമൻ: സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കയർ വ്യവസായം. ഒരുകാലത്ത് ലക്ഷക്കണക്കിന് തൊഴിലാളികളുടെ ജീവിതമാർഗ്ഗമായിരുന്ന കയർ വ്യവസായം ഇന്ന് ഗുരുതരമായ തകർച്ച നേരിടുകയാണ്. കയർ വ്യവസായത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ തകർച്ച എന്നുപറയാൻ കഴിയും വിധം അനുദിനം ആ തകർച്ചയുടെ രൂക്ഷത ഏറ്റവും ഗൗരവതരമായ ഒരു അവസ്ഥയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ജീവിക്കാൻ മറ്റുമാർഗ്ഗങ്ങളില്ലാതെ മറ്റു രംഗങ്ങളിൽ അഭയം പ്രാപിക്കേണ്ടിവരുന്ന സ്ഥിതിയാണ് പൊതുവിലുള്ളത്. കയർപിരി മേഖലയിലും കയർ ഫാക്ടറി മേഖലയിലും ഇന്ന് പൊതുവായുള്ള സ്ഥിതി അതാണ്. എന്നാൽ ഗവൺമെന്റിന്റെ ഔദ്യോഗിക ഭാഷ്യം പറയുന്നത് കയർ കയറ്റുമതി ഓരോ വർഷം കഴിയുന്തോറും കൂടിക്കൊണ്ടിരിക്കുന്നു എന്നാണ്. ആയിരത്തിലധികം കോടി രൂപയുടെ കയറ്റുമതിയെക്കുറിച്ചാണ് പലപ്പോഴും പറഞ്ഞുകേൾക്കുന്നത്. എന്നാൽ അതിന്റെ വിശദാംശം പരിശോധിച്ചാൽ കാണാൻ കഴിയും കയറിന്റെ അളവ് ഗണ്യമായി ചുരുങ്ങിച്ചുരുങ്ങി കയർ പിത്ത്, ജൂട്ട് തുടങ്ങിയ ഉൽപ്പന്നങ്ങളാണ് ഇന്ന് കയർ അക്കൗണ്ടിൽ കയറിപ്പോകുന്നത്. കയർ മേഖലയിൽ അതിഭയങ്കരമായ തകർച്ച നേരിടുന്ന സന്ദർഭത്തിൽ ഗവൺമെന്റ് വളരെ സീരിയസ്സായ ഇടപെടൽ ഇക്കാര്യത്തിൽ നടത്തുന്നില്ല എന്ന

ആക്ഷേപമാണ് പൊതുവിലുള്ളത്. കയർ രംഗത്തെ പ്രവർത്തനം മെച്ചപ്പെടുത്താൻ കയർ മന്ത്രിക്ക് അതിയായ താൽപ്പര്യമുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ കുറേയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട് എങ്കിലും കാര്യങ്ങളൊന്നും ഫലവത്താകുന്നില്ല എന്നതാണ് ഓരോ ദിവസംതോറും നമ്മുടെ അനുഭവത്തിൽനിന്നും തെളിയുന്നത്. ഇന്ന് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ നിന്ന് റാട്ടിന്റെ ശബ്ദം നിലച്ചു. കയർ പിരിക്കാൻ ചകിരിയില്ല. ചകിരി തമിഴ്നാട്ടിൽ നിന്ന് വരുത്തേണ്ട സ്ഥിതിയായി. അതിന് തമിഴ്നാട്ടുകാർ നിശ്ചയിക്കുന്ന വിലയാണ് നൽകേണ്ടത്. ചകിരിയുടെ ലഭ്യതക്കുറവ്, ചകിരിയുടെ വിലവർദ്ധനവ്, ഉൽപ്പാദന സൗകര്യങ്ങൾ, വൈവിധ്യത്തിന്റെ പരിമിതികൾ ഇതെല്ലാംകൊണ്ട് ഈ വ്യവസായം ഇന്ന് തമിഴ്നാട്ടിലേക്ക് പറിച്ചുമാറ്റപ്പെടുന്ന സ്ഥിതിയാണുള്ളത്. കയർ ഫാക്ടറി മേഖലയിൽ 12000-ൽ അധികം വരുന്ന ചെറുകിട കയർ ഫാക്ടറികളുണ്ട്. ആ ചെറുകിട കയർ ഫാക്ടറികളെല്ലാം മണ്ണോടൊപ്പം ചേരുന്ന അവസ്ഥയാണ് ഇന്നുള്ളത്. ചെറുകിട കയർ ഫാക്ടറി ഉടമകൾ ജീവിക്കാൻ നിവൃത്തിയില്ലാതെ പ്രക്ഷോഭത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് ഇറങ്ങിത്തിരിക്കാൻ നിർബന്ധിതമാകുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. പി.വി.സി. ടഫ്റ്റഡ് മാറ്റ്, മറ്റ് മെക്കനൈസ്ഡ് സംവിധാനങ്ങൾ, ആ രംഗത്തെ ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമാണ് പൊതുവിൽ നടക്കുന്നത്. ഇന്ന് അത്തരം ഫാക്ടറികളും തമിഴ്നാട്ടിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. തമിഴ്നാട്ടിലെ ഗവൺമെന്റ് അത്തരം ഫാക്ടറികളെ നല്ലതു

പോലെ പ്രോത്സാഹിപ്പിക്കുമ്പോൾ നമുക്ക് കാര്യമായിട്ടൊന്നും നിർവ്വഹിക്കാനില്ല എന്ന അവസ്ഥയാണ് പൊതുവിലുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മാസങ്ങൾ പലത് കഴിഞ്ഞു. എന്നാൽ കയർ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും സംരക്ഷിക്കാനുമായി കൊണ്ടുവന്ന ഇൻകം സപ്പോർട്ട് സ്കീം - സഹകരണ മേഖലയിലാണെങ്കിലും സ്വകാര്യ മേഖലയിലാണെങ്കിലും - ആകെക്കൂടി 25,000 തൊഴിലാളികൾക്കുമാത്രമാണ് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളത്. മഹാഭൂരിപക്ഷം തൊഴിലാളികളും ആ സമ്പ്രദായത്തിനെല്ലാം വെളിയിൽ നിൽക്കുന്ന അവസ്ഥയാണ്. കയർ ഫാക്ടറി മേഖലയിൽ കാലോചിതമായി കൂലി പരിഷ്ക്കരിക്കാത്തതുകൊണ്ട് ആ തൊഴിലിലേർപ്പെടാൻ ഇന്നുള്ള തൊഴിലാളികൾപോലും തയ്യാറാകുന്നില്ല എന്നുള്ളതാണ് സ്ഥിതി. ആ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാകുന്നില്ല. ഇന്ന് സഹകരണ മേഖലയിൽ പ്രൈമറി കയർപിരി സംഘങ്ങളായിട്ടും, മാറ്റ്സ് ആന്റ് മാറ്റിസ് സംഘങ്ങളായിട്ടും, ചെറുകിട കയർ ഫാക്ടറി ഉടമകളുടെ സംഘങ്ങളായിട്ടും 500-ൽ അധികം വരുന്ന സംഘങ്ങളുണ്ട്. ആ സംഘങ്ങൾക്ക് വേണ്ടത്ര ധനസഹായം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നൽകുന്നില്ല എന്നുള്ളതാണ് പരക്കെ വിമർശനത്തിന് വിധേയമാകുന്ന മറ്റൊരു വിഷയം. 200-ഓളം വരുന്ന സംഘങ്ങളെ മാത്രമാണ് ഈ ഗവൺമെന്റ് സഹായിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 422 സംഘങ്ങളെ സഹായിച്ചപ്പോഴാണ് ഈ ഗവൺമെന്റ് 200-ഓളം വരുന്ന സംഘ

ങ്ങളെ സഹായിച്ചത് എന്നുള്ളതാണ് ഏറ്റവും ഗൗരവതരമായ വസ്തുത. കയർപിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും വാങ്ങി സംഭരിക്കേണ്ട കയർഫെഡിന് ആവശ്യമായ മൂലധനത്തിന്റെ കുറവ് കാരണം ഇത്തരം ഉൽപ്പന്നങ്ങൾ വാങ്ങി സംഭരിക്കാനാവാത്ത അവസ്ഥയുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം കേവലം മൂന്ന് കോടി രൂപമാത്രമാണ് കയർഫെഡിന് നൽകിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ച് വർഷക്കാലംകൊണ്ട് ഏതാണ്ട് 150 -ൽപ്പരം കോടി രൂപ നൽകി സഹായിച്ച സ്ഥാനത്താണ് ഈ ഗവൺമെന്റ് കേവലമായ മൂന്ന് കോടി രൂപ നൽകിയതെന്ന് ഓർക്കണം. ഇതുമാത്രമല്ല, ഇൻകം സപ്പോർട്ട് സ്കീമിൽപ്പെടുത്തി കയർഫെഡിന് നൽകിയ 20 കോടി രൂപ തിരിച്ചുപിടിക്കാൻ ഈ ഗവൺമെന്റ് ഉത്തരവിടുകയും പ്രസ്തുത തുക തിരിച്ചുപിടിക്കുകയും ചെയ്തു. അതിനാൽ കയർഫെഡിന് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥ, സംഘങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥ, കയർ മേഖലയിലെ തൊഴിലാളി കൾക്ക് ജോലി കൊടുക്കാൻ കഴിയാത്ത അവസ്ഥ എന്നിവ പൊതുവിലു ണ്ടായിരിക്കുകയാണ്. ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലെ കയർ ഫാക്ടറികളെല്ലാം ഏതാണ്ട് നിശ്ചലമായ ഒരു സ്ഥിതിയാണ്. കയർ ഫാക്ടറി മേഖല പ്രവർത്തിക്കുന്നില്ല. കയർ ഫാക്ടറി മേഖലയിലെ തൊഴിലാളികളുടെ കൂലി പരിഷ്ക്കരിക്കാത്തതുകൊണ്ട്, കാലോചിതമായി പുതുക്കി നൽകാത്തതുകൊണ്ട് ആ രംഗത്തേക്ക് ആരും കടന്നുവരുന്നില്ല.

ഇങ്ങനെ എല്ലാ അർത്ഥത്തിലും വല്ലാത്ത പരിതാപകരമായ ഒരവസ്ഥ യാണ് കയർ ഫാക്ടറി മേഖലയിലും കയർപിരി മേഖലയിലും ഇന്ന് പൊതുവിലുള്ളത്. കേരളത്തിലെ പത്ത് കയർ പ്രോജക്ടുകളിലായി 53 കയർ ഇൻസ്പെക്ടർ ആഫീസുകൾ ഉണ്ട്. ഇവിടങ്ങളിലെല്ലാമുള്ള സർക്കാർ ജീവനക്കാരെ നിലനിർത്തുന്നതിനായി ഏതാണ്ട് ഇരുപത്തി യാറേമുക്കാൽ കോടി രൂപ പ്രതിവർഷം ചെലവഴിക്കുകയാണ്. എന്നാൽ ഇരുപത്തിയാറേമുക്കാൽ കോടി രൂപ പ്രതിവർഷം ചെലവഴിച്ചുകൊണ്ട് ഒരു കയർ വകുപ്പ് എന്തിന് എന്ന ചോദ്യമാണ് ഇന്ന് പരക്കെ ഉയരുന്നത്. കയർ തൊഴിലാളികൾക്ക് രണ്ടുകോടി രൂപയുടെ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കാൻവേണ്ടി ഇരുപത്തിയാറേമുക്കാൽ കോടി രൂപ നൽകിക്കൊണ്ട് ഒരു കയർ വകുപ്പിനെ എന്തിന് നിലനിർത്തണമെന്ന ചോദ്യം നമ്മുടെ മുമ്പിൽ പ്രസക്തമായി വരുകയാണ്. അങ്ങനെ കയർ മേഖലയിൽ, കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഈ തൊഴിൽ മേഖല യിൽ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഈ പരമ്പരാഗത വ്യവസായ മേഖലയിൽ നിരാശയുടേയും കണ്ണീരിന്റെയും അവസ്ഥയാണ് ഇന്ന് പൊതുവിലുള്ളത്. ചെറുകിട കയർ ഫാക്ടറി ഉടമകളായിട്ടുള്ള രണ്ടുപേർ ഇതിനകം ആത്മഹത്യ ചെയ്തു. കടക്കെണിയിൽ മുങ്ങി നിൽക്കുന്ന അവർക്ക് യാതൊരു സംരക്ഷണവും ലഭ്യമാക്കാൻ കഴിയുന്നി ല്ല. ചെറുകിട ഉടമകളുടെ സംഘങ്ങൾക്ക് യാതൊരു പ്രൊട്ടക്ഷനുമില്ല. അവർക്ക് MDA (Marketing Development Assistance) നൽകണമെന്ന

ആവശ്യം കാലങ്ങളായി ഉയരുകയാണ്. അതിന് ഇതുവരെ യാതൊരു പരിഹാരവുമുണ്ടായിട്ടില്ല. കയർ തൊഴിലാളികൾക്ക് ജീവിതത്തിന്റെ അവസാന നാളുകളിൽ നൽകുന്ന പെൻഷൻ പോലും സമയത്ത് കൊടുക്കാൻ കഴിയുന്നില്ല. അവരുടെ പെൻഷൻ 1000/- രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഹരിക്കാനാകാതെ അവശേഷിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ കയർ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും സംയോജിച്ചുകൊണ്ട് വരുന്ന 14 മുതൽ പണിമുടക്ക് സമരത്തിലേക്ക് ഇറങ്ങിത്തിരിക്കുന്ന പശ്ചാത്തലത്തിലാണ് ഞാൻ ഈ വിഷയം സഭയുടെ മുന്നിൽ കൊണ്ടുവരുന്നത്. കയർ മേഖലയെ സംരക്ഷിക്കാൻ, ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കാൻ, ഈ സംസ്ഥാനത്തുതന്നെ ആ വ്യവസായത്തെ സംരക്ഷിച്ചു നിർത്താൻ ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ബഹുമാനപ്പെട്ട കയർ മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം എന്നതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഗവൺമെന്റ് ശക്തമായ ഇടപെടൽമൂലം കയർപിരിക്കുന്നതിനവശ്യമായ ചകിരി ലഭ്യമാക്കുവാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചകിരിയുടെ വില 22-24 രൂപയായിരുന്ന സ്ഥാനത്ത് ഇപ്പോൾ അത് 20 രൂപയിൽ താഴെ ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല കയർപിരി മേഖലയിൽ കൂലി 210 രൂപ വർദ്ധിപ്പിച്ച് നൽകി മുൻകാലങ്ങളെക്കാൾ വർദ്ധനവ് വരുത്തിക്കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് കയറുത്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കയർപിരി മേഖലയിൽ തൊഴിലാളികളുടെ ലഭ്യതക്കുറവ് വളരെ പ്രസക്തമായ ഒരു കര്യമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ, സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് 2006 മുതൽ 2012 വരെ പുനുരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധന ഗ്രാന്റായി 27,42,27,201 രൂപ 505 സംഘങ്ങൾക്ക് നൽകുകയുണ്ടായി. അങ്ങനെ സംഘങ്ങൾക്ക് നൽകിയെന്ന് പറയുമ്പോഴും കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 4 വർഷക്കാലമായി 16,87,27,201 രൂപയാണ് നൽകിയതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 9,55,00,000 രൂപ അതിനുവേണ്ടി നൽകുകയുണ്ടായി. പുനരുദ്ധാരണ പദ്ധതി പ്രകാരം കയർ സംഘങ്ങളുടെ പ്രവർത്തന മൂലധന പരിധി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഞ്ചു ലക്ഷം

രൂപയിൽ നിന്ന് ഏഴര ലക്ഷം രൂപയായും ഏഴരലക്ഷം രൂപയിൽ നിന്ന് പത്ത് ലക്ഷം രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. 2011-12- ൽ 388 സംഘങ്ങൾക്ക് 9,55,00,000 രൂപ നൽകിയിട്ടുണ്ട്. കയർഫെഡിനും കയർ സംഭരണവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മൂന്നു കോടി രൂപ മാത്രമേ നൽകിയിട്ടുള്ളൂ എന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് അത് അദ്ദേഹത്തിന് ലഭ്യമായ ചില തെറ്റായ കണക്കുകളാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കയർഫെഡിനും കയർ സംഭരണവുമായി ബന്ധപ്പെട്ടു കൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7,97,00,000 രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്. 2007 വർഷം മുതൽ കയർഫെഡ് സംഭരിച്ച കയറിന്റെ കണക്കും എന്റെ കൈവശമുണ്ട്. 2007-08 കാലഘട്ടത്തിൽ 8944.50 ക്വിന്റൽ കയറാണ് കയർഫെഡ് സംഭരിച്ചത്. 2008-09 -ൽ 27915.29 ക്വിന്റൽ കയർ സംഭരിക്കുകയുണ്ടായി. 2009-10 -ൽ 34032.16 ക്വിന്റൽ കയർ സംഭരിച്ചു. 2010-11 കാലഘട്ടത്തിൽ 52409 ക്വിന്റൽ കയറാണ് സംഭരിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2011-12 -ൽ 55857.75 ക്വിന്റൽ സംഭരിക്കുകയുണ്ടായി. 2012-13 -ൽ ഒക്ടോബർ വരെ 35579.92 ക്വിന്റൽ കയർ സംഭരിച്ചു. തൊണ്ട് സംഭരിക്കുന്നതിന് കയർസഹകരണ സംഘങ്ങൾക്ക് പമാവധി ഒരു ലക്ഷം രൂപ

റിവോൾവിംഗ് ഫണ്ട് നൽകിയും സംഭരിക്കുന്ന തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് പച്ച തൊണ്ടിന് പത്ത് പൈസയിൽ നിന്നും പതിനഞ്ചു പൈസയായും ഉണക്കതൊണ്ടിന് ഏഴര പൈസയിൽ നിന്നും പത്ത് പൈസയായും വർദ്ധിപ്പിച്ചു. ഈ സർക്കാർ തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. വരുമാനം ഉറപ്പാക്കൽ പദ്ധതി (Income Support Scheme) പ്രകാരം കയർപിരി മേഖലയിലെ തൊഴിലാളി കൾക്ക് 150 രൂപയിൽ നിന്ന് 210 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ശരാശരി 110 രൂപ സർക്കാർ വിഹിതമായിട്ടാണ് നൽകുന്നത്. ഈ 110 രൂപ വിഹിതം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിക്കൊ ണ്ടിരിക്കുന്നത്. ഈ മേഖലയിൽ അങ്ങ് പറഞ്ഞ വളരെ പ്രധാനപ്പെട്ട കാര്യമുണ്ട്. ഈ മേഖലയിലെ തൊഴിലാളികളുടെ ലഭ്യതയെക്കുറിച്ച് അങ്ങ് ആത്മ പരിശോധന നടത്തേണ്ടതാണ്. തൊഴിലാളികൾക്ക് 210 രൂപ വർദ്ധിപ്പിച്ചപ്പോൾ 110 രൂപ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ചെല്ലു ന്നുണ്ട് എന്ന് അറിയിച്ചിട്ട് പോലും ഇന്നു വരെയും 21461 പേർ മാത്ര മാണ് പേരുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ തുക അവരുടെ അക്കൗണ്ടുകളിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഉത്പന്ന മേഖലയിലെ കൂലിയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 200 രൂപയിൽ നിന്ന് 285 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഡിപ്പോ സമ്പ്രദായത്തെ നിരുത്സാഹപ്പെടുത്തുവാൻ ക്രയവില സ്ഥിരതാ പദ്ധതി

(PPS Scheme) സർക്കാർ ശക്തമായി നടപ്പാക്കി വരികയാണ്. PPS പദ്ധതി പ്രകാരം 2007 വർഷം മുതൽ ഓരോ വർഷവും സർക്കാർ ഈ പദ്ധതി പ്രകാരം നൽകിയിട്ടുള്ള തുകയുടെ കാര്യം കൂടി ഞാനിവിടെ വിശദീകരിക്കാം. കയർ കോർപ്പറേഷന് കഴിഞ്ഞ അഞ്ചു വർഷക്കാലമായി 2006-07 മുതൽ 2010-11 കാലഘട്ടം വരെ 27,10,00,000 രൂപയാണ് നൽകിയിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 14,89,00,000 രൂപ PPS Scheme -ന് വേണ്ടി കയർ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് കൊടുത്തതിനെ ക്കാൾ കൂടുതൽ അല്ലെങ്കിൽ താരതമ്യപ്പെടുത്തുമ്പോൾ മനസ്സിലാക്കാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ കണക്കുകൾ ഇവിടെ സൂചിപ്പി ക്കുന്നത്. അതുപോലതന്നെ ഏതാണ്ട് 14,89,00,000 രൂപ കയർ കോർപ്പ റേഷന് നൽകി വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി ഒരു ആധുനിക പി.വി.സി ടഫ്റ്റഡ് ഫാക്ടറി സ്ഥാപിക്കുന്നതിന് കയർ കോർപ്പറേഷൻ മുഖാന്തിരം നടപടി സ്വീകരിച്ചു വരികയാണ്. ഫോം മാറ്റിംഗ്സ് വഴി കയർ കമ്പോസിറ്റ് ഫാക്ടറി സ്ഥാപിക്കുന്ന നടപടികൾ അവസാനഘട്ടത്തിലാ ണ്. കയർ മെഷിനറി ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയായി വരികയാ ണ്. കയർ ഉത്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിദേശ എക്സിബിഷൻ ഉൾപ്പെടെയുള്ള എക്സിബിഷനുകളിലും ട്രേഡ് ഫെയറുകളിലും പങ്കെടുത്ത് കയറ്റുമതി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കയർ

പൊതുമേഖലാ സ്ഥാപനങ്ങളിൽ കയറ്റുമതിയുടെ കാര്യം തന്നെ കണക്കെടുത്താൽ 2008-09 -ൽ കയർ കോർപ്പറേഷനും ഫോമാറ്റിംഗ്സും കയർഫെഡും കൂടി എക്സ്പോർട്ട് ചെയ്തിരുന്നത് 6,31,000 രൂപയ്ക്കാണ്. 2009-10 കാലഘട്ടത്തിൽ 9,76,000 രൂപയുടെ കയറ്റുമതിയാണ് ചെയ്തത്. 2010-11 കാലഘട്ടത്തിൽ 61,53,000 രൂപയുടെ കയറ്റുമതിയാണ് ചെയ്തിട്ടുള്ളത്. 2011-12 കാലഘട്ടത്തിൽ അതായത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 77,93,000 രൂപയുടെ കയറ്റുമതി നടത്തി. 2012-13 കാലഘട്ടത്തിൽ ഇന്നുവരെയും 2,69,63,000 രൂപയുടെ കയറ്റുമതി ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. കയർ ഉത്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ കൂടി സഹായത്താൽ കയർ കേരള എക്സിബിഷൻ സംഘടിപ്പിച്ചു വരുന്നുണ്ട്. കയർ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകൾ ഭൂരിഭാഗവും സർക്കാർ നടപ്പാക്കി വരികയാണ്. അർഹതയുള്ള എല്ലാ സംഘങ്ങൾക്കും പ്രവർത്തന മൂലധനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, 2 തൊഴിലാളികൾ ആത്മഹത്യ ചെയ്തു, ആ നിർഭാഗ്യവാന്മാരുടെ കുടുംബങ്ങൾക്ക് എന്തു സഹായം ചെയ്തുവെന്ന് അങ്ങയുടെ ഈ ദീർഘമായ

മറുപടി വിശദീകരണത്തിൽ കേട്ടില്ല; അതിനെക്കുറിച്ച് എന്താണ് പറയാനു ള്ളത്?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, രണ്ട് കയർ തൊഴിലാളികൾ ആത്മഹത്യ ചെയ്തുവെന്ന് ശ്രീ. പി. തിലോത്തമൻ ഇന്നിവിടെ പറയുകയുണ്ടായി. അതിനെക്കുറിച്ച് പരിശോധിച്ച് അവർക്ക് അർഹമായ സഹായം നൽകാൻ വേണ്ട നടപടികൾ ഗവൺമെന്റ് തീർച്ച യായും ആലോചിക്കുന്നതാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഈ സഭയിൽ വച്ച് ഉറപ്പു നൽകുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, അങ്ങയുടെ കണക്കുകളാണ് ഞാൻ ഇവിടെ പറഞ്ഞത്. ആ കണക്കുക ളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ ചെയ്ത കാര്യത്തെക്കുറിച്ച് ഞാൻ വിശ ദീകരിച്ചിട്ടുണ്ട്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് കൊടുത്തിട്ടുള്ള കാര്യങ്ങളുടെ വിശദാംശമാണ് ഞാൻ അവതരിപ്പിച്ചത്.

ശ്രീ. പി. തിലോത്തമൻ : സർ, ആത്മഹത്യ ചെയ്ത 2 ചെറുകിട ഉല്പാദകരുടെ കുടുംബത്തിന്റെ സംരക്ഷണ ചുമതല ഈ ഗവൺമെന്റ് ഏറ്റെടുക്കാനുള്ള പ്രഖ്യാപനം ഇവിടെ നടത്തുമെന്നാണ് ഞാൻ പ്രതീക്ഷി ക്കുന്നത്. അതോടൊപ്പം ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ വാങ്ങി എക്സ്പോർട്ട് ഹൗസ് എന്നപോലെ കയറ്റുമതി ചെയ്യാൻ ലക്ഷ്യം വച്ച് രൂപീകരിച്ച സ്ഥാപനമാണ് കയർ കോർപ്പറേഷൻ. ഉല്പന്ന വൈവിധ്യ

വൽക്കരണത്തിൽ വളരെ മെച്ചപ്പെട്ട ഉല്പന്നങ്ങൾ ഉണ്ടാക്കി എക്സ്പോർട്ട് മാർക്കറ്റ് രംഗം പിടിച്ചെടുക്കാൻ വേണ്ടിയാണ് ഫോം മാറ്റിംഗ്സ് ഉണ്ടാക്കിയത്. ആ രണ്ടു സ്ഥാപനങ്ങളും പ്രഖ്യാപിത ലക്ഷ്യ ങ്ങളിൽ നിന്നും മാറി സഞ്ചരിക്കുകയാണ്. ഇവിടെ അങ്ങ് പറഞ്ഞ കയറ്റു മതി ഏറ്റവും കൂടുതലായി വർദ്ധിച്ചു എന്നുള്ളത് കയർഫെഡിന്റെ ഷെയ റാണ്. കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സും വട്ടപ്പൂജ്യമാണ്. അവിടെ ഒരു പ്രവർത്തനവും കാര്യമായി നടക്കുന്നില്ല. ഉല്പാദനോല്പ ന്നങ്ങൾ ഒന്നും അവിടെ വാങ്ങുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് അക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുമോ? ഇന്ന് അങ്ങ് പറഞ്ഞ, ബഡ്ജറ്റിൽ നീക്കിവച്ച തുക, എൻ.സി.ആർ.എം. ഐ.-ക്കാണ് ഏറ്റവും കൂടുതൽ ചെലവഴിക്കുന്നത്. അങ്ങ് പറയുന്ന ഒരു മിനി ഡീഫൈബറിംഗ് യൂണിറ്റ് കൊടുക്കുന്നതുകൊണ്ട് എത്ര ഫലപ്രദ മായ പ്രവർത്തനങ്ങൾ നടക്കുന്നു എന്നു പറയാൻ കഴിയുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എൻ.സി.ആർ.എം.ഐ.-യിൽ പുതുതായി കണ്ടെത്തിയിട്ടുള്ള ഒരു മിനി ഡീഫൈബറിംഗ് മിൽ എല്ലാ സഹകരണസംഘങ്ങൾക്കും സൗജന്യമായി നൽകിയിട്ടുണ്ട്. അത് നൽകിയത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമല്ല. മറിച്ച് ശ്രീ. ജി. സുധാകരൻ കയർ വകുപ്പ് കൈകാ ര്യം ചെയ്ത കാലഘട്ടത്തിലാണ് മിനി ഡീഫൈബറിംഗ് മെഷീൻ സഹക രണ സംഘങ്ങൾക്ക് സൗജന്യമായി നൽകുകയും മറ്റ് പ്രൈവറ്റ് മേഖലക

ളിൽ 50% വില ഈടാക്കിക്കൊണ്ട് നൽകുകയും ചെയ്തത്. അത് ശ്രീ. പി. തിലോത്തമന് അറിയാവുന്ന കാര്യങ്ങളാണ്. ഇതൊക്കെ സൗജന്യമായി നൽകിയെങ്കിൽപ്പോലും പല സംഘങ്ങളും അത് പ്രവർത്തനക്ഷമമാക്കുന്നില്ല എന്നുള്ളതാണ് അതിന്റെ യാഥാർത്ഥ്യം. വാങ്ങിവച്ചിരിക്കുന്ന മിനി ഡീഫൈബറിംഗ് മില്ലുകൾ ഇതുവരെയും പ്രവർത്തിപ്പിക്കാത്ത പല സംഘങ്ങളും ഇന്ന് കേരളത്തിലുണ്ട് എന്ന് കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് നമുക്ക് കൂട്ടായി ചർച്ച ചെയ്ത് ഈ മേഖലയിൽ ചെയ്യുവാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ, പരമ്പരാഗത വ്യവസായമെന്ന നിലയിൽ ആ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭ്യമാകേണ്ട എല്ലാ സഹായങ്ങളും ഈ ഗവൺമെന്റ് നൽകുന്നതാണ്.